5484/10/16

പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 39 | 26/09/2016 ൽ മറുപടിയ്ക്ക്

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. റോജി എം.ജോൺ** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സെപ്റ്റംബർ 15 വരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സെപ്റ്റംബർ 15 വരെ താഴെ പറയും പ്രകാരം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.<br>മുഖ്യമന്ത്രിയുടെ കമ്പ്യൂട്ടർ സെല്ലിൽ 12,368 അപേക്ഷകൾ ലഭിച്ചു.<br>റവന്യൂ വകുപ്പ് മന്ത്രിയുടെ ഓഫീസിൽ 645 അപേക്ഷകൾ ലഭിച്ചു.<br>14 ജില്ലാ കളക്ടേറ്റുകളിലായി 15,216 അപേക്ഷകൾ ലഭിച്ചു. |
| (ബി) ഈ അപേക്ഷകളിൽ എത്ര എണ്ണത്തിന് ധനസഹായം അനുവദിച്ചു എന്നും എത്ര പേർക്ക് അത് വിതരണം ചെയ്തു എന്നും വിശദമാക്കുമോ? | (ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അഭ്യർത്ഥിച്ച് ലഭിച്ച മുഴുവൻ അപേക്ഷകളും പരിശോധിച്ച് അർഹതയുള്ളവർക്കെല്ലാം ധനസഹായം അനുവദിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ